## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -5802** **02.07.2019-ലെ മറുപടി**

## കാസർഗോഡ് നഗരത്തിലെ ശുദ്ധജലവിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് നഗരത്തിൽ ജലവിഭവവകുപ്പിന്റെ കീഴിൽ ശുദ്ധജലവിതരണം തുടങ്ങിയത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് നഗരത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്ന കാസർഗോഡ് കുടിവെള്ള പദ്ധതിയിൽ ശുദ്ധജല വിതരണം തുടങ്ങിയത് 1976 ലാണ്. |
| (ബി) | ഏത് പദ്ധതി പ്രകാരമാണ് ഇതിന് തുടക്കം കുറിച്ചതെന്നും നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | എൽ. ഐ. സി ഫണ്ട് ഉപയോഗിച്ച് 43 വർഷം മുമ്പ് പ്രവർത്തനം ആരംഭിച്ചു. എന്നാൽ കാസർഗോഡ് പി. എച്ച്. ഡിവിഷൻ ആ കാലഘട്ടത്തിൽ നിലവില്ലാത്തതിനാൽ നാളിതുവരെ ചിലവഴിച്ച തുകയെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. |
| (സി) | കാസർഗോഡ് നഗരത്തിൽ ശുദ്ധ ജല വിതരണത്തിനു സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾക്ക് എത്ര വർഷത്തെ പഴക്കമുണ്ടെന്നും എത്ര രൂപ ചെലവഴിച്ചാണ് ഇത് സ്ഥാപിച്ചതെന്നും വ്യക്തമാക്കുമോ; | (സി) | കാസർഗോഡ് നഗരത്തിൽ ശുദ്ധജല വിതരണത്തിനു സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾക്ക് മിക്കതിനും 44 വർഷത്തെ പഴക്കമുണ്ട്. ഇവ സ്ഥാപിക്കുന്നതിന് ചിലവഴിച്ച തുക സംബന്ധിച്ച് രേഖകൾ കൃത്യമായി ലഭ്യമല്ല. |
| (ഡി) | ഈ പൈപ്പുകളുടെ ബ്രാൻഡും ക്വാളിറ്റിയും എന്താണെന്ന് വിശദമാക്കാമോ; ഇത് മാറ്റി കാലോചിതമായി പുതിയ പൈപ്പുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന് കണക്കാക്കുന്ന ചെലവ് എത്രയാണെന്ന് വിശദമാക്കാമോ? | (ഡി) | പി. വി. സി, സി. ഐ, പ്രിമോ പൈപ്പുകളാണ് ഈ പദ്ധതിക്കു വേണ്ടി സ്ഥാപിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ വിപുലീകരണത്തിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ ടാങ്കുകൾ, ജലശുദ്ധീകരണശാല ഗ്രാവിറ്റി പൈപ്പുകൾ എന്നിവയുടെ പ്രവൃത്തികൾ KIIFB-യിൽ 76.00 കോടിക്ക് അനുമതി ലഭിച്ച കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനുമുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ പ്രോജക്ട് വിഭാഗത്തിന്റെ കീഴിൽ പുരോഗമിച്ചു വരുന്നു. രണ്ടാം ഘട്ടത്തിൽ വിതരണ ശൃംഖലകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് കണ്ണൂർ പ്രോജക്ട് വിഭാഗത്തിന് തുക അനുവദിച്ചിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയായി ഡി. പി. ആർ തയ്യാറാക്കിയാൽ മാത്രമേ ഇവയ്ക്ക് ആവശ്യമായ ചെലവ് കണക്കാക്കാൻ പറ്റുകയുള്ളൂ. |

Renuka Sankar
സെക്ഷൻ ഓഫീസർ